**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1255** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഭിന്നശേഷിയുള്ള കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പാഠഭാഗങ്ങൾ, പഠനപ്രക്രിയ, പഠനബോധന ഉപകരണങ്ങൾ മൂല്യനിർണ്ണയം തുടങ്ങിയവ ഭിന്നശേഷികുട്ടികൾക്കായി അനുയോജ്യമായ രീതിയിൽ തയ്യാറാക്കി നൽകി വരുന്നു. കോവിഡ് - 19 പശ്ചാത്തലത്തിൽ ഭിന്നശേഷി കുട്ടികൾക്കായി പാഠഭാഗങ്ങളുടെ വീഡിയോകൾ പ്രത്യേകം തയ്യാറാക്കി 'White Board SSK' എന്ന യു ട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്യുന്നു. ഇവ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ് സിന്റെ നേതൃത്വത്തിൽ പ്രാദേശിക ഓൺലൈൻ കൂട്ടായ്മയിലിലൂടെ കുട്ടികളിലെത്തിക്കുന്നു. ബ്ലോക്കു തലത്തിൽ കുട്ടികൾക്കായുള്ളള മെഡിക്കൽ ക്യാമ്പുകൾ പൂർത്തിയാക്കി സഹായക ഉപകരണങ്ങൾ വിതരണം ചെയ്യാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. 168 ബി.ആർ.സി കളിൽ ഓട്ടിസം സെന്ററുകൾ ആരംഭിച്ച് തെറാപ്പി സേവനങ്ങൾ രക്ഷിതാക്കൾക്കായുള്ള കൗൺസിലിംഗ് എന്നിവ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി അമ്മമാർക്കായി തൊഴിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കിടപ്പിലായകുട്ടികൾക്കായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തിവരുന്നു. കൂടാതെ വിവിധ ബി.ആർ.സികളിലുള്ള ഭിന്നശേഷി കുട്ടികൾക്കായി അക്കാദമിക സാംസ്കാരിക വിനിമയ പരിപാടിയായ " ജാലകങ്ങൾക്കപ്പുറം "ട്വിന്നിംഗ് പ്രോഗ്രാം' എന്നിവ നടന്നു വരുന്നു.ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്,റീഡർ അലവൻസ്, പെൺകുട്ടികൾക്കായുള്ള സ്റ്റൈപന്റ് തുടങ്ങി അലവൻസ് നൽകുന്നു. കിടപ്പിലായ കുട്ടികൾക്കായുള്ള വിദ്യാഭ്യാസത്തിനും സാമൂഹ്യ വൽക്കരണത്തിനും സമപ്രായക്കാരെ ഉപയോഗിച്ച് "ചങ്ങാതിക്കൂട്ടം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സവിശേഷ കഴിവുള്ള കുട്ടികളുടെ ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനായി കാഴ്ചപ്പാട് രേഖ | (ബി) | തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത രേഖ SCERT യുടെ കരിക്കുലം സബ്കമ്മിറ്റിയുടെ പരിശോധനയ്ക്ക് |

| | | | |
|---|---|---|---|
| | തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | | വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.) എന്ന സ്ഥാപനത്തെ സംസ്ഥാനതല ഗവേഷണ സ്ഥാപനമായി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ഇതിനായി ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വെബിനാർ 19/11/2020 - ന് സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്ന കാര്യം ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ